# ആധുനികതയുടെ ഇന്ത്യ: 'ദൽഹി'യിലെ ഭക്ഷണസംസ്കാരത്തിലൂടെ

ഷീന വി.കെ.

ഗവേഷക, മലയാളവിഭാഗം, കോഴിക്കോട് സർവ്വകലാശാല

വ്യക്തിയുടെ സ്വതന്ത്രചിന്തയെയും ആവിഷ്കാരസ്വാതന്ത്ര്യത്തെയും ഭക്ഷണത്തിന്റെ തെരഞ്ഞെടുപ്പിനെപ്പോലും ഭരണകൂടം നിയന്ത്രിക്കുന്ന ചിത്രമാണ് സമകാലിക ഇന്ത്യയുടേത്. ഒരാൾക്ക് തനിക്കിഷ്ടമുള്ള മതത്തിൽ വിശ്വസിക്കുന്നതിനും ഭക്ഷണത്തിനും തെരഞ്ഞെടുപ്പിനുമുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന ഉറപ്പുനല്കുമ്പോഴും അത് തള്ളിക്കളഞ്ഞുകൊണ്ട് തങ്ങളുടെ പ്രത്യയശാസ്ത്രം ഭൂരിപക്ഷത്തിനുമേൽ അടിച്ചേല്പിക്കുവാനാണ് പ്രതിലോമശക്തികൾ ശ്രമിക്കുന്നത്. മനുഷ്യന്റെ അടിസ്ഥാന ആവശ്യമായ ഭക്ഷണത്തെപ്പോലും പ്രശ്നവത്കരിക്കുകയാണ് ഇതിലൂടെ അവർ. ദേശീയതയെ അമിതമായി പ്രചരിപ്പിക്കുന്നതിലൂടെ മിശ്രവിവാഹത്തെയും മിശ്രഭോജനത്തെയും തടയിടാൻ കഴിയും എന്ന് 1980-കളിൽ തന്നെ മഹാത്മ ജ്യോതി റാവുഭൂലെ പറഞ്ഞിട്ടുണ്ട്. സമാനമായൊരു സാഹചര്യമാണ് ഇന്ത്യൻ ഭക്ഷണ പരിസരത്തിൽ ഇന്ന് നിലനില്ക്കുന്നത്.

ആധുനികകാലത്ത് നാം സ്വീകരിച്ച ആശയങ്ങളിലൊന്നാണ് ദേശം (Nation). ഒരേ ഭരണകൂടത്തിനു കീഴിൽ അടുത്തടുത്തു കിടക്കുന്ന പ്രദേശങ്ങളാണ് ദേശമെന്നും മതം, ഭാഷ, വംശം, ജനസംസ്കൃതി എന്നിവ അതിനെ നിർണ്ണയിക്കുന്നു എന്നുമൊക്കെ പറയാമെങ്കിലും ഈ ചിന്ത ഇന്ന് മാറിക്കഴിഞ്ഞിട്ടുണ്ട്. ദേശം ഒരു 'സാംസ്കാരിക നിർമ്മിതി' (cultural construction) ആണെന്ന അഭിപ്രായം ഇന്ന് എല്ലാവരും അംഗീകരിക്കുന്നു. ആചാരങ്ങളും വിശ്വാസങ്ങളും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുമായി ദേശം വ്യക്തിയെ രൂപപ്പെടുത്തുന്നു.

ജനതയുടെ മാനസികവും ഭൂമിശാസ്ത്രപരവുമായ സങ്കല്പത്തിൽ കാലം പല തരത്തിൽ സ്വാധീനം ചെലുത്താറുണ്ട്. സ്ഥലസങ്കല്പം സാമൂഹിക മാറ്റത്തിനനുസരിച്ച് മാറാറുണ്ട്. ആഗോളീകരിക്കപ്പെട്ട ദേശസങ്കല്പം അതുകൊണ്ടുതന്നെ കാലത്തിന്റെ മാറ്റവും മാറ്റത്തിന്റെ കാലവും ഉൾക്കൊണ്ട ഒന്നാണ്. ആധുനികത നിർവ്വചിച്ച കാലവും ദേശവും എം. മുകുന്ദന്റെ 'ദൽഹി' എന്ന നോവലിലെ ഭക്ഷണ സംസ്കാരത്തെ അടിസ്ഥാനമാക്കി വിലയിരുത്തുകയാണിവിടെ.

## ആധുനികത

ജനതയെ ഒന്നടങ്കം സ്വാധീനിച്ച കാലമാണ് ആധുനികതയുടേത്. അസ്തിത്വബോധം നൈരാശ്യം എന്നിങ്ങനെ പല തലങ്ങളിൽ അടയാളപ്പെടുത്തപ്പെട്ട അക്കാലത്തെ

എഴുത്തുകൾ പലതും കൃത്യമായ നിലപാടുള്ളവയാണ്. ദേശരാഷ്ട്രബോധം, സമയത്തെക്കുറിച്ചുള്ള പുതിയ അവബോധം, വികസനത്തിനു കിട്ടിയ അമിതപ്രാധാന്യം, ദൈവത്തിനും പ്രകൃതിക്കും പകരം മനുഷ്യനും യുക്തിക്കും കിട്ടിയ പ്രാധാന്യം എന്നിവ ആധുനികതയുടെ പ്രത്യേകതകളായിരുന്നു. സമൂഹത്തിൽ രാഷ്ട്രീയത്തിന്റെ അടിസ്ഥാനഘടകം സംഘമല്ല, വ്യക്തിയായിരിക്കണമെന്നും കൂട്ടങ്ങളെ തൊഴിലധിഷ്ഠിതമായി നിർണ്ണയിക്കാമെന്നും ഉള്ള ബോധം ആധുനികതയുടെ ഭാഗമായി ഉത്പാദിക്കപ്പെട്ടു.

ആധുനികതയോട് നാമോരോരുത്തരും പുലർത്തുന്ന മനോഭാവം വ്യത്യസ്തമായിരിക്കാമെങ്കിലും നമ്മുടെ പ്രത്യയശാസ്ത്ര ചട്ടക്കൂടുകളെയും മൂല്യങ്ങളെയും ഭൗതിക പരിസരത്തെയും രൂപപ്പെടുത്തുന്നതിൽ ആധുനികത വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. 'ഒരു വരേണ്യ മധ്യവർഗ്ഗ സൃഷ്ടിക്ക്' ആധുനികത കാരണമായി. സാങ്കേതിക വിദഗ്ധർ, മാനേജർമാർ, ബുദ്ധിജീവികൾ, മേൽത്തട്ടിലുള്ള ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ ഈ മധ്യവർഗ്ഗത്തിനനുസരിച്ച് അധീശത്വസങ്കല്പങ്ങളും മാറി. വിദ്യാഭ്യാസസൗകര്യങ്ങളും വായനയുടെ സാദ്ധ്യതകളും വർദ്ധിച്ചതോടൊപ്പംതന്നെ തൊഴിലില്ലായ്മയും നഗരങ്ങളിലേക്കുള്ള ഒഴുക്കും വർദ്ധിച്ചുകൊണ്ടിരുന്നു.

ആധുനികതയെ മലയാള സാഹിത്യത്തിൽ ശക്തമായി ആവിഷ്കരിച്ചിട്ടുണ്ട് എഴുത്തുകാർ. 'ഖസാക്കിന്റെ ഇതിഹാസം', 'ധർമ്മപുരാണം', 'ആൾക്കൂട്ടം', 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' എന്നു തുടങ്ങി നോവലുകൾ ഫലപ്രദമായി ഈ ദൗത്യം ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ സാംസ്കാരികരംഗത്തെ ഈ വിപ്ലവാത്മകത കേരളത്തിന്റെ പൊതുജീവിതത്തെ സ്വാധീനിച്ചിരുന്നില്ലെന്നും ജനസമ്മതിയും സാംസ്കാരിക സമ്മിതിയും ഒരേ ബോധത്തിന്റെ ഭാഗമായിരുന്നില്ലെന്നും പി.കെ. രാജശേഖരൻ വിമർശിക്കുന്നുണ്ട്. ന്യൂനപക്ഷം വരുന്ന സാഹിത്യാസ്വാദകരുടെ ബോധത്തിൽ പരിവർത്തനമുണ്ടാക്കാനേ ആധുനികത ഉയർത്തിയ പുതിയ നീതിബോധത്തിനു കഴിഞ്ഞുള്ളൂ എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. 'പരീക്ഷണത്തിന്റെയും ബൗദ്ധികതയുടേയും പുത്തൻ പ്രേതരൂപങ്ങൾ' സൃഷ്ടിച്ചതായി കരുതപ്പെടുന്നതും ഏകാകിയും ദുഃഖിതനും കലാപകാരിയും നിഷേധിയും രോഗാതുരനുമായി സാഹിത്യത്തിലലഞ്ഞ കാല്പനിക മനുഷ്യനെ സൃഷ്ടിച്ചതായി കരുതപ്പെടുകയും ചെയ്ത ആധുനികതയുടെ ദുരൂഹമായ എഴുത്തുകളിൽ ഒന്നായി കരുതപ്പെടുന്നതാണ് എം. മുകുന്ദന്റെ 'ദൽഹി' എന്ന നോവൽ.

പാശ്ചാത്യാനുകരണമായി വായിക്കപ്പെട്ട ആധുനികതയുടെ എഴുത്ത് ജനമനസ്സുകളെ ആവിഷ്കരിക്കുന്നതെങ്ങനെ എന്നും അവ ദേശത്തു നിന്നകന്നു പോവുന്നുണ്ടോ എന്നും എം. മുകുന്ദന്റെ 'ദൽഹി' എന്ന നോവലിലെ ഭക്ഷണശീലത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുകയാണിവിടെ.

അസ്തിത്വദുഃഖത്തിനും നൈരാശ്യബോധത്തിനുമിടയിൽ ഭാംഗിലും ചരസ്സിലും അഭയം കണ്ടെത്തുന്നവരും സാമൂഹ്യമൂല്യങ്ങളെ തിരസ്കരിക്കുന്നവരുമായി അടയാളപ്പെടുത്തപ്പെട്ട അക്കാലത്തെ നോവലുകളിൽനിന്ന് ഉത്തരാധുനികകാലത്തുപോലുമില്ലാത്ത വിധം ജനമനസ്സുകളെയും കൂട്ടായ്മ ബോധത്തെയും ഭാവിസ്വപ്നങ്ങളെയും മൂല്യബോധത്തെയും കണ്ടെടുക്കാനാവും.

## ഭക്ഷണം

ഭക്ഷണം ഓരോ വ്യക്തിയുടേയും സ്വകാര്യ ആവശ്യമായിരിക്കുമ്പോഴും അതിൽ സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ ഘടകങ്ങൾ ഉൾച്ചേർന്നിരിക്കുന്നു. ഭക്ഷണശീലങ്ങൾ സാംസ്കാരികമൂല്യങ്ങളോടും സാമൂഹികഘടകങ്ങളോടും ഏറെ ബന്ധംപുലർത്തുന്നു.

സംസ്കാരം നടപ്പിലാവുന്നത് മൂല്യങ്ങളിലൂടെയും വ്യവസ്ഥകളിലൂടെയുമാണ് എന്നതുകൊണ്ട് ഏതു സംസ്കാരത്തെയും അവയിലൂടെ മനസ്സിലാക്കാം. ആധുനികതാകാലമെത്തിയപ്പോഴേക്കും ഭക്ഷണം രണ്ടു സംസ്കാരത്തെ സൃഷ്ടിച്ചു–ഉള്ളവനും ഇല്ലാത്തവനും എന്ന ബോധത്തിലൂടെ വിഭജനവും വരൾച്ചയും ലോകയുദ്ധങ്ങളും ചൈന ആക്രമണവുമെല്ലാം തീർത്ത സാമൂഹ്യപരിസരം ഭക്ഷണത്തെയും സ്വാധീനിച്ചു. 'ദൽഹി' എന്ന നോവൽ കാഴ്ച വെക്കുന്ന ജീവിതപരിസരം അതിലെ ഭക്ഷണത്തിലൂടെ മൂന്നുവിധത്തിൽ സമൂഹത്തിൽ ഇടപെടുന്നുണ്ട്.

1. ഭക്ഷണത്തിന്റെ അളവും മൂല്യവും, ലഭ്യതയും അവതരിപ്പിക്കുക വഴി ഒരു സമൂഹത്തിന്റെ മുഴുവൻ അനുഭവത്തെ നിർണ്ണയിക്കുന്നു.
2. അധികാര ശ്രേണിയെ പുനഃസൃഷ്ടിക്കുന്ന ഒരു സൂചകമായി അത് പ്രവർത്തിക്കുന്നു.
3. സാമ്പത്തികവളർച്ചയെയും ജീവിതനിലവാരത്തെയും തീരുമാനിക്കുന്നതിൽ ഭക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.

### 'ദൽഹി'യിലെ ഇന്ത്യ

എം. മുകുന്ദന്റെ 'ദൽഹി' എന്ന നോവലിൽ ആധുനികതയുടെതായറിയപ്പെട്ട ഒട്ടെല്ലാ സ്വഭാവസവിശേഷതകളും കണ്ടെത്താനാവുമെങ്കിലും ആധുനികതയ്ക്കുമപ്പുറം നില്ക്കുന്ന ദേശത്തെയും സമൂഹത്തെയും കൂടി ആ നോവൽ വരച്ചുവെക്കുന്നു. ഭക്ഷണം തന്നെസംബന്ധിച്ചിടത്തോളം ഒരു പ്രശ്നമല്ല എന്നു വിശ്വസിക്കുന്ന അരവിന്ദനാണ് 'ദൽഹി'യിലെ നായകൻ. നാട്ടിലെ വിപ്ലവത്തിലൂടെ അറിയപ്പെട്ടിരുന്ന അരവിന്ദൻ തൊഴിലിനുവേണ്ടി ദൽഹിയിലെത്തിയവനാണ്. നാട്ടിൽ വിപ്ലവ സമരങ്ങൾക്കും ചിത്രരചനയ്ക്കും മുന്നിലായിരുന്ന അരവിന്ദന്റെ കാഴ്ചകളിലൂടെയാണ് 'ദൽഹി'യിൽ ഭക്ഷണം എന്ന അനുഭവം ഇന്ത്യ എന്ന ദേശത്തെ നിർമ്മിക്കുന്നത്.

അമിതമായി പാലും പഞ്ചസാരയും ചേർത്തു കാച്ചിയ ചൂടുചായയും സമോസയും വില്ക്കുന്ന വഴിയോരക്കച്ചവടക്കാരും പ്ലാസ്റ്റിക് ടിഫിൻബോക്സിൽ ചപ്പാത്തിയും സബ്ജിയും കൊണ്ടുപോവുന്ന ജീവനക്കാരും റേഷൻകടയിലെ ചക്കിയിൽ ഗോതമ്പു പൊടിപ്പിച്ചു കൊണ്ടുപോവുന്ന കുടുംബിനികളും നിറഞ്ഞ ദൽഹിയിലേക്ക് ഗ്രാമത്തിലെ അരവിന്ദന്റെ 'വെളിയിൽ വരൽ' ആണ് അനുഭവം. ആ 'വെളിയിൽ വരൽ' അവന്റെ എല്ലാ അനുഭവത്തിന്റെയും വെളിയിൽ വരലാവുന്നു. അന്നുവരെയില്ലാത്ത നഗരാനുഭവത്തിന്റെ വെളിയിൽ വരൽ. പുരോഗതി എന്നാൽ സായിപ്പിന്റേതാവുകയും സായ്‌വിനു ചുറ്റും കറങ്ങേണ്ടി വരുന്ന ഉപഗ്രഹങ്ങളായി വ്യക്തികൾ മാറുകയും ചെയ്യുന്ന അവസ്ഥയാണ് 'ദൽഹി'യിലെ ഇന്ത്യ.

നഗരം എന്ന സ്ഥലരാശി സൃഷ്ടിക്കുന്ന പലതരം അസമത്വങ്ങളും സമത്വങ്ങളും മുകുന്ദൻ വിവരിക്കുന്നു. രോഗികളും ദുഃഖിതരും ധനികരും ഉല്ലാസയാത്രക്കാരും രാഷ്ട്രീയ നേതാക്കളും എല്ലാവരുമൊന്നിക്കുന്ന, ബംഗാളിയും ചൈനക്കാരനും കേരളീയനും ഒന്നാവുന്ന നഗരം. അവിടെ അവരെ അസമന്മാരാക്കുന്ന ഒരേയൊരു ഘടകം വിശപ്പാണ്, ഭക്ഷണമാണ്. ബുദ്ധിജീവിയും മണൽച്ചുമക്കുന്നവരും രോഗികളും റഷ്യക്കാരനും അമേരിക്കക്കാരനും അറബിയും കാണുന്ന ദൽഹി ഒന്നാണ്. ജാതി, മത, രാഷ്ട്രീയ നിറഭേദമന്യേ അവർക്ക് ദൽഹിയിൽ ഒന്നായി ജീവിക്കാൻ ഉള്ള അവസരം നഗരം നല്കുമ്പോഴും ആ നഗരത്തിൽ അവർ അനുഭവിക്കുന്ന ദേശം വ്യത്യസ്തമാണ്.

ഒരേ സമയം ജർമ്മന്റെയും ഫ്രഞ്ചുകാരന്റെയും കേരളീയന്റെയും കറുത്തവന്റെയും വെളുത്തവന്റെയും വേശ്യയുടെയും ദരിദ്രന്റെയും ഹിപ്പിയുടെയും ഭിന്നലിംഗക്കാരുടെയും ടാഗോറിന്റെയും ഗാന്ധിയുടെയും ഇന്ത്യയെ മുകുന്ദൻ വരച്ചുവെക്കുന്നു. കൃത്യമായ അതിരുകൾക്കപ്പുറം

ഓരോ വ്യക്തിമനസ്സിലും രൂപപ്പെട്ട ഇന്ത്യ എന്ന വികാരത്തെ-അനുഭവത്തെയാണ് മുകുന്ദൻ കൃതികൾ കാണിച്ചുതരുന്നത്. മനുഷ്യന്റെ ഓരോ അനുഭവവും അവന്റെ അടിസ്ഥാനാവശ്യങ്ങളോട് ബന്ധപ്പെട്ടുകൊണ്ട് രൂപപ്പെടുന്നവയാണ് എന്നതുകൊണ്ടുതന്നെ മുകുന്ദൻ കൃതികളിലും അത്തരമൊരു അനുഭവമാണ് സൃഷ്ടിക്കപ്പെടുന്നത്.

### സാംസ്കാരിക തലം: കാടൻ/നാടൻ

കാടൻ/നാടൻ എന്ന തരംതിരിവ് നിർമ്മിച്ച ബോധം പ്രധാനമാണ്. പരിഷ്കാരം ആധുനിക ജീവിതം മുന്നോട്ടുവെച്ച ആശയമാണ്. വികസനത്തിന്റെ പാതയോടുചേർന്നു നില്ക്കുന്ന മധ്യവർഗത്തിന്റെ ആശയങ്ങളാണ് പരിഷ്കാരമായി അറിയപ്പെട്ടത്. നിയോൺ വെളിച്ചത്തിനും കാറുകൾക്കുമിടയിലൂടെ കണ്ട ദൽഹിയായിരുന്നില്ല ഹിപ്പികളുടെയും വേശ്യകളുടെയും ദരിദ്രന്റെയും ദൽഹി. ആധുനികത നഷ്ടപ്പെടുത്തിയ ജീവിത പരിസരങ്ങൾപോലെതന്നെ പ്രധാനമാണ് അത് സൃഷ്ടിച്ച സവിശേഷപരിസരങ്ങളും. ആ ബോധമാണ് കാടനെയും നാടനെയും സൃഷ്ടിച്ചത്. ചില ഭക്ഷണം സവർണവും മറ്റുള്ളവ മ്ലേച്ഛവുമാവുന്ന ആധുനിക പരിസരത്തിലും പ്രസക്തമാണ് ഈ അപരവത്കരണം.

'താൻ എല്ലാത്തരത്തിലുള്ള മത്സ്യങ്ങളും കഴിക്കും. എല്ലാ ജീവികളുടെയും ഇറച്ചി തിന്നും. മനുഷ്യന്റെ ഇറച്ചി കിട്ടിയാൽ അതും തിന്നാൻ മടിക്കില്ല. താൻ കാടനാണ്' എന്ന ബോധം അരവിന്ദനിൽ സൃഷ്ടിക്കപ്പെടുന്നത് അങ്ങനെയാണ്.

ആധുനികതയുടെ സാംസ്കാരിക ബോധത്തെ നിർണ്ണയിച്ച സവർണ്ണ യുക്തിയോടുള്ള പ്രതിഷേധമായി ഇത് മാറുന്നു. പ്രാദേശികമായതെല്ലാം കാടനും പാശ്ചാത്യമായതെല്ലാം നാടനുമാവുന്ന പരിസരത്തെ അത് ചോദ്യംചെയ്യുന്നു.

### വിശപ്പ്

ഭക്ഷണത്തെ കേന്ദ്രമാക്കി നഗരത്തിന്റെ വിശപ്പാണ് അരവിന്ദനിലൂടെ മുകുന്ദൻ അവതരിപ്പിക്കുന്നത്. അതു കേവലം ആമാശയത്തിൽ ഒതുങ്ങുന്ന ഒന്നല്ല. മതങ്ങളും വർഗ്ഗങ്ങളും സംസ്കാരങ്ങളും ഭൂതവും ഭാവിയും വർത്തമാനവും കലർന്ന് ഒന്നായൊഴുകുന്ന നഗരങ്ങൾ സൃഷ്ടിക്കുന്ന വിശപ്പിന്റെയും സ്വഭാവം പലതാണ്. കന്നടക്കാരനായ ലൈബ്രേറിയനിലൂടെ ഇതു മനസ്സിലാക്കാനാവുന്നുണ്ട്. "അയാളുടെ കണ്ണുകളിൽ വിശപ്പുണ്ട്. എന്തിനോടുള്ള വിശപ്പാണത്? പണത്തിനു വേണ്ടിയാണോ? സ്ത്രീക്കുവേണ്ടിയാണോ? എന്തിനോടായാലും ശരി, അയാൾക്കു വിശക്കുന്നുണ്ട്. കലശലായ വിശപ്പ്. കുഞ്ഞുരാമൻനായർ പൈസയ്ക്കു വേണ്ടി ദാഹിക്കുന്നു. രാമുണ്ണി ജാതിയുടെ നിലനില്പിനുവേണ്ടി ദാഹിക്കുന്നു. താൻ എന്തിനുവേണ്ടിയാണ് വിശക്കുന്നത്? തന്റെ കണ്ണുകളിൽ വിശപ്പുണ്ടോ? ഉണ്ടെങ്കിൽ അതെന്തിനുവേണ്ടിയാണ്? പണത്തിനുവേണ്ടിയാണോ? ആഹാരത്തിനുവേണ്ടിയാണോ? സ്ത്രീക്കുവേണ്ടിയാണോ?"(പു.42). സമൂഹത്തിന്റെ ഈ വിശപ്പിനുമുന്നിൽ സ്വയംതിരിച്ചറിയാനാവാതെ പോവുന്നവനാണ് അരവിന്ദൻ. നഗരം സൃഷ്ടിച്ച സാമൂഹികബോധവും കാഴ്ചയും വ്യക്തികളിലുണ്ടാക്കിയ സംഘർഷത്തിന്റെ ചിത്രണമായി ഇത് മാറുന്നു.

### വിപണി

കുഞ്ഞുരാമൻ നായർ എന്ന വ്യക്തിയെ കച്ചവടമായാലോകം മനുഷ്യത്വം നഷ്ടപ്പെടുത്തുന്നവനാക്കി മാറ്റുന്നതിന്റെ ദയനീയ ചിത്രമാണ് ചൊവ്വാഴ്ചകളിൽ കോഴിയിറച്ചി വിളമ്പുന്ന ഹോട്ടൽ. പണം ലാഭിക്കുന്നതിനുവേണ്ടി വിയർത്തു കുളിച്ച് പരുന്തിനെപിടിച്ച് ഇറച്ചിയാക്കുന്നത് കാഴ്ചയിലൂടെ ലഭിക്കുന്നത് വിപണി വ്യക്തികളെ മനുഷ്യരല്ലാതാക്കുന്നതിന്റെ

ചിത്രമാണ്. പെണ്ണിനെയും ലഹരിയേയും ഉപയോഗപ്പെടുത്താൻ സാധാരണക്കാരെ നിർബന്ധിക്കുന്ന കുഞ്ഞിരാമൻ നായരിലൂടെ ഇത് കൂടുതൽ വ്യക്തമാക്കപ്പെടുന്നു.

തൊഴിൽ

തൊഴിലന്വേഷിച്ച് ദൽഹിയിലെത്തുന്ന അരവിന്ദന് ലഭിക്കുന്ന സാഹചര്യമല്ല ദൽഹിയിലെ ഒട്ടുവലിയൊരു വിഭാഗത്തിനും ലഭിക്കുന്നത്. ശുപാർശയും പണവും വിധിയെഴുതുന്ന നഗരത്തിലെ വിവിധ ജനതകളുടെ ദയനീയചിത്രം നോവലിലുണ്ട്. പീളകെട്ടിയ കണ്ണുമായി വിസർജ്യങ്ങൾക്കിടയിൽ മറ്റു ജീവികളിലൊന്നായി ജീവിക്കുന്ന ദരിദ്രന്റെയും ചെറുജോലികൾ ചെയ്ത് ജീവിതം നയിക്കുന്നവന്റെയും സമ്പന്നതയിൽ അധികാരം കൈയിലേന്തി നില്ക്കുന്നവന്റെയും ചിത്രം 'ദൽഹി' തരുന്നു. തൊഴിലിന്റെ ലഭ്യതക്കുറവും സ്വഭാവവും ജനങ്ങളിൽ പലതലക്കാരെ സൃഷ്ടിക്കുന്നതെങ്ങനെ എന്ന് 'ദൽഹി' കാണിച്ചു തരുന്നു.

"അവരെല്ലാം ഒരേവിധമാണ് ഉണ്ണുന്നത്. തല പാത്രത്തിലേക്കുനീട്ടി ആർത്തിയോടെ തിന്നുന്നു. വാരിവാരി തിന്നുന്നു. എല്ലിച്ച വിരലുകൾ സാമ്പാറൊഴിച്ചുകുഴച്ച ചോറിൽ പരാക്രമം കാണിക്കുന്നു. ഓരോ ഉരുളയും വായിലെത്തുമ്പോൾ കണ്ണുകൾ ഇറുക്കുന്നു."(പു. 13)

രാപ്പകൽ ഹോട്ടലിൽ പണിയെടുക്കുന്നൊരാളിന് ശമ്പളമില്ല പ്രതിഫലം ഒരു പിടി ചോറും പുളിച്ച കൂട്ടാനും. പണക്കാരനായ കരുണന്റെ മേശയിൽ റൊട്ടിയും വെണ്ണയും മുട്ടയും കോൺഫ്ലെക്സും ഗ്രാഫ്റ്റ് ചീസും.

നഗരം സൃഷ്ടിച്ച അഭിനവ സായ്‌വുമാരെയാണ് കരുണനിലൂടെ മുകുന്ദൻ എടുത്തുകാട്ടിയത്. 'കരുണന്റെ പേര് കരുണൻ എന്നല്ല, ഡാൽട്ടൺ എന്നാണ്, കാസോവ്സ്കി എന്നാണ്, വാൾഡെക് എന്നാണ്'' (പു. 22). കരുണനെ സായ്‌വാക്കിയ നഗരം അരവിന്ദനെയും ചില സമയങ്ങളിൽ സാൻഡ്‌വിച്ച് കഴിക്കുന്നവനാക്കുന്നുണ്ട്. എങ്കിലും ഗ്രാമത്തിലേക്ക് അഭയം തേടുന്നവനായി അയാൾ മാറുന്നു.

മനുഷ്യസമൂഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളെയും സൂചിപ്പിക്കുന്ന പദമാണ് സംസ്കാരം. മൂല്യങ്ങളിലൂടെയും വ്യവസ്ഥകളിലൂടെയുമാണ് സംസ്കാരം പ്രവർത്തിക്കുന്നത്. ദേശത്തിനും കാലത്തിനുമനുസരിച്ച് വ്യത്യാസപ്പെടുന്ന ഒന്നാണ് സംസ്കാരബോധം. ബഹുസ്വരമായ നമ്മുടെ സംസ്കാരത്തിന്റെ വൈവിധ്യത്തെ ഇല്ലാതാക്കിയാണ് പുതുമുതലാളിത്തബോധം നമ്മിൽ പ്രവർത്തിക്കുന്നത്. വൈവിധ്യത്തിനു പകരം അത് സമ്മാനിക്കുന്നത് ഏകത്വമാണ്. ചോറും വെളിച്ചെണ്ണ ഗന്ധമുള്ള തോരനും പപ്പടവും കടുമാങ്ങ അച്ചാറും ദോശയും ചട്ണിയും സാമ്പാറും പൊരിച്ച ആകോലിയും കഞ്ഞിയും ചമ്മന്തിയുമായി വൈവിധ്യങ്ങൾ നിറഞ്ഞ തീൻമേശയിൽ നിന്നും കൊൺഫ്ളെക്സിന്റെയും റൊട്ടിയുടെയും സാൻഡ്‌വിച്ചിന്റെയും മേശയിലേക്കുള്ള മാറ്റം ഒരു സംസ്കാരത്തിന്റെയും മൂല്യങ്ങളുടെയും മാറ്റം കൂടിയാണ്.

ദൽഹിയുടെ സാംസ്കാരികപരിസരം ബൗദ്ധികമായി കൃതിയുടെ ഭാഗമായിവരുന്നുണ്ട്. ശിപായിലഹളയും ഗാന്ധിജിയും ഗവേഷണ വിഷയമായി മാറുന്ന രണ്ടു നാടിന്റെ സംസ്കാരം ഒരേ ചിന്തയിലേക്ക് സമന്വയിക്കുന്നു. ഒക്കുവെയും ഭാവാനന്ദും അതിന്റെ ഭാഗമാണ്. ചിന്തിക്കുന്നവരുടെയെല്ലാം വിഷയം മനുഷ്യന്റെ വിശപ്പും തീരാദുരിതവും കണ്ണീരുമാവുന്നു. അവരെല്ലാം ഒത്തുചേരുന്ന ഇടമായി കോഫിഹൗസ് മാറുന്നു. 1958 മാർച്ച് 8ന് എ.കെ.ജി തുടങ്ങിയ കോഫിഹൗസ് 1942-ൽ നിലവിൽവന്ന കോഫി ബോർഡുകളുടെ സംസ്കാരത്തിന്റെ പരിചയപ്പെടുത്തലാണെങ്കിലും അത് ആധുനികതയുടെ ചിന്താസരണിയിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ചിന്തിക്കുന്നവർക്ക് ഒത്തുകൂടാനുള്ള പൊതു ഇടമായി

അത് മാറി. ഭാവനയുടെയും ചിന്തയുടെയും വികാസത്തിൽ ഇത്തരം പൊതുഇടങ്ങൾ ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

"സിഗരറ്റിന്റെയും പൈപ്പിന്റെയും പുകയും മണവും കനത്ത് കിടക്കുന്നു. താടിക്കാരും തലമുടി വളർത്തിയവരും ജൂബ്ബായിട്ടവരും നഗ്നപാദരുമായ ചിത്രകാരന്മാരും കവികളും പത്രപ്രവർത്തകരും ചുറ്റുമിരുന്ന് കാപ്പിമോന്തുകയോ പുകവലിക്കുകയോ ചെയ്യുന്നു".

### രാഷ്ട്രീയം

വിഭജനത്തിന്റെ രാഷ്ട്രീയവും മുതലാളിത്തരാഷ്ട്രീയവും ഇഴചേർത്ത് അവതരിപ്പിക്കപ്പെടുന്ന നോവൽ ഹിന്ദുവും ക്രിസ്ത്യാനിയും ബൗദ്ധനും മുസൽമാനും തോളുരുമ്മി നില്ക്കുന്ന കാഴ്ച സമ്മാനിക്കുമ്പോൾതന്നെ താനറിയാതെ തന്റെ വാക്കുമോഷ്ടിക്കുന്ന സായ്‌വിന്റെ വായ്ക്കുള്ളിൽ ബന്ധനസ്ഥനായി കിടക്കുന്ന അരവിന്ദന്റെ ദയനീയ ചിത്രം ഓരോ ഇന്ത്യക്കാരന്റെയും ചിത്രമാവുന്നുണ്ട്. 'ലോകത്തെ തിന്നണം. ഭൂമിയും ആകാശവും തിന്ന് വയറുവീർപ്പിച്ച് ചുരുണ്ടു കിടന്നുറങ്ങാൻ' (പു. 49) മോഹിക്കുന്ന അരവിന്ദൻ വസ്ത്രത്തിനടിയിൽ നഗ്നനും വിശപ്പടങ്ങാത്തവനുമായ മനുഷ്യന്റെ രാഷ്ട്രീയമാണ് ബദലായി അവതരിപ്പിക്കുന്നത്.

പരസ്പരം പോരടിക്കുന്ന ജനതയുടെ രാഷ്ട്രീയം പ്രത്യയശാസ്ത്രമല്ല. പണമാണ് എന്ന് ഗോപിനാഥൻനായരുടെയും ഉലഹന്നാന്റെയും ഇലക്ഷനിലൂടെ മുകുന്ദൻ വ്യക്തമാക്കുന്നുണ്ട്. നാടിനെ രക്ഷിക്കാൻ പോരാടിയ ഗോപിനാഥൻനായരുടെ തോൽവിയിലൂടെ പണാധികാരത്തിന്റെ ഭീകരാന്തരീക്ഷം കടന്നുവരുന്നു. അഴിമതിക്കാരും കരിഞ്ചന്തക്കാരും കള്ളക്കടത്തുകാരും ഗ്രഹണിപിടിച്ചുതുങ്ങുന്ന വയറുമുള്ള പരസഹസ്രം കുഞ്ഞുങ്ങളുമുള്ള ആധുനിക ഭാരതം നീറുന്ന കാഴ്ചയായി നിറയുന്നു. പണവും അധികാരവും നിർണയിക്കുന്ന രാഷ്ട്രീയമാണ് 'ദൽഹി'യുടെ പ്രത്യയശാസ്ത്രം.

### ഉപഭോഗസംസ്കാരം

ദോശയും ചട്ണിയും സാമ്പാറുമായി നാടൻ ഹോട്ടലും വിസ്കിയും ഷാമ്പെയ്നും മുട്ടയും പാൽക്കട്ടിയും സാർഡൈനും കോക്ക്ടെയ്ൽ സോസേജും സാൻഡ്‌വിച്ചുമായി സായ്പിന്റെ ഭക്ഷണസംസ്കാരത്തിനകത്തുപെട്ടുപോവുന്ന ഇന്ത്യക്കാരൻ 'ദൽഹി'യുടെ കേന്ദ്രമാണ്. വീട്ടിനകത്തുനിന്നും റസ്റ്റോറന്റുകളിലേക്കുള്ള ഭക്ഷണത്തിന്റെ മാറ്റം ഉപഭോഗാധിഷ്ഠിതമായ പുതുസമൂഹത്തിന്റെ സൂചകമാണ്. വഴിയോരത്തു നിറയുന്ന തട്ടുകടകളും ദൽഹിയുടെ അടങ്ങാത്ത വിശപ്പും അതിന്റെ നേർചിത്രങ്ങളും. അന്തോണിയുടെ റാക്കിൽനിന്ന് സായ്‌വിന്റെ വിസ്കിയിലേക്കുള്ള മാറ്റത്തിലൂടെയാണ് മുകുന്ദൻ അത് വ്യക്തമാക്കുന്നത്.

### മാനസികതലം

ആധുനികതയുടെ മായക്കാഴ്ചയിൽനിന്ന് തന്നിലേക്ക് ഓടിയൊളിക്കുന്ന ഇന്ത്യക്കാരന്റെ മനസ്സിന്റെ വിശകലനമായി കേരളം കൃതിയിൽ നിറയുന്നു. ഗൃഹാതുരതയുടെ ആശ്വാസകേന്ദ്രമാണത്. ചട്ണിയും ദോശയും സാമ്പാറും ചോറുമാണ് കോൺഫ്ലേക്സിനെക്കാളും റൊട്ടിയെക്കാളും നല്ലത് എന്ന തിരിച്ചറിവിലേക്ക് ഇന്ത്യൻ മനസ്സിനെ മാറ്റിയെടുക്കാൻ നോവലിനാവുന്നുണ്ട്. വെളിച്ചെണ്ണ ഗന്ധംപോലും ഓർമ്മയുടെ, ദേശത്തിന്റെ തിരിച്ചുപിടിക്കലായി മാറുന്നു. പ്രാദേശികതയും സംസ്കാരവും ഭക്ഷണത്തിലൂടെ തിരിച്ചുപിടിക്കുന്നതിനുവേണ്ടിയാണ് ആധുനികതയുടെ തീൻമേശയിലിരുന്ന് കഞ്ഞിയും ചമ്മന്തിയും അരവിന്ദൻ സ്വപ്നം കാണുന്നത്.

ഭക്ഷണശീലത്തിലൂടെ നഗരസ്ഥലത്തിന്റെ സാംസ്കാരികവും സാമൂഹികവും രാഷ്ട്രീയവുമായ തലങ്ങൾ വെളിവാക്കപ്പെടുന്നതുപോലെതന്നെ നഗരവല്ക്കരണം വ്യക്തിമനസ്സിലേല്പിച്ച ഭീതിദമായ ആത്മനഷ്ടവും നോവൽ ചിത്രീകരിക്കുന്നുണ്ട്. വ്യക്തിമനസ്സാണ് സമൂഹവും

സംസ്കാരവുമായി മാറുന്നത് എന്നതുകൊണ്ടുതന്നെ വ്യക്തിമനസ്സ് പ്രധാനമാണ്. ശാരീരികമായ അനുഭവവും ഭൂമിശാസ്ത്രപരമായ അനുഭവവും തമ്മിലെ സംഘർഷം നോവലിൽ അടയാളപ്പെടുത്തപ്പെടുന്നുണ്ട്. മുഖ്യധാര പുരോഗതിയെന്ന വിളിച്ചോമനിക്കുന്ന പലതും അരികുവല്ക്കരണമാണെന്ന തിരിച്ചറിവ് അരവിന്ദനിൽ സൃഷ്ടിക്കുന്ന അങ്കലാപ്പ് ഇതിന്റെ ഭാഗമാണ്. അതുകൊണ്ടാണ് എത്രമാത്രം ചേരാൻ ശ്രമിച്ചിട്ടും നഗരം അയാൾക്കുൾക്കൊള്ളാൻ ആവാത്തത്. കേരളത്തോടും ഗ്രാമത്തോടും നാടൻ രുചികളോടും അമ്മയോടും ഉള്ള പ്രിയമായി മാറുന്നതും ഇതുതന്നെ. ഉപ്പിലിട്ടതും കാച്ചിയ മോരും വെളിച്ചെണ്ണ ഗന്ധവും സാമ്പാറും എല്ലാമായി കേരളീയ ഭക്ഷണത്തിന്റെ സാന്നിദ്ധ്യം മനസ്സിലെ ഗൃഹാതുരതയായി മാറുന്നതും ഓടിയൊളിക്കാൻ അമ്മയുടെ ഗർഭപാത്രം അന്വേഷിക്കുന്നതും ഈ അങ്കലാപ്പിന്റെ കൃത്യമായ ചിത്രണമായിമാറുന്നു.

ഒരു രാജ്യത്തിന്റെ വളർച്ചയെയും ജീവിതനിലവാരത്തെയും തീരുമാനിക്കുന്നതിൽ ഭക്ഷണശീലങ്ങൾക്ക് വലിയ പങ്കുണ്ട്. പുത്തൻ മുതലാളിത്തകാലത്തിലേക്കു നീങ്ങിയ സമൂഹത്തിലേക്ക് ആ സംസ്കാരത്തിന്റെ പ്രത്യയശാസ്ത്രം അടിച്ചേല്പിക്കുന്നതിന് മുതലാളിത്തം കൂടുതലായി ആശ്രയിച്ചത് ഭക്ഷണത്തെയാണ്. ഭക്ഷണത്തിലൂടെ ഒരു ജനതയുടെ മനസ്സിനെ ഏറെ സ്വാധീനിക്കാനാവും.

ദേശത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് പ്രതികരിക്കുന്ന ഉല്പാദകരെയല്ല, മറിച്ച് 'ലോകവിപണി'യുടെ ആവശ്യങ്ങൾക്കൊത്ത് പെരുമാറാനുള്ള വ്യക്തിയുടെ കഴിവാണ്, ആഗോളപരിസരത്ത് നിർണായകമാവുന്നത്. ഇന്ന് സാർവജനീന സ്വഭാവമുള്ള ഉപഭോക്താവിനാണ് പ്രാധാന്യം. (Cosmopolitan Consumers). ഇത്തരമൊരു ഉപഭോക്താവായിമാറാൻ ഇന്ത്യൻ മധ്യവർഗം മത്സരിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ തുടക്കം 'ദൽഹിയിൽ' കണ്ടെത്താം.

## ആധുനികതയുടെ സാമൂഹ്യ-രാഷ്ട്രീയ ജാഗ്രത

1960-കളുടേയും 70-കളുടേയും ഇടയിലെ ഒരു തലമുറയുടെ ജീവിതമാണ് 'ദൽഹി' മുന്നോട്ടുവെക്കുന്ന സാംസ്കാരിക പരിസരം. മധ്യവർഗ്ഗസംസ്കാരം വളർന്നു വരുന്നതിന്റെയും മൂല്യങ്ങൾ പണാധിഷ്ഠിതമായി മാറ്റപ്പെടുന്നതിന്റെയും നഗരങ്ങൾ പണിയുന്ന പാശ്ചാത്യ വികസനസങ്കല്പത്തിന് അടിയറവു പറഞ്ഞ ഇന്ത്യൻ ഭൗതികതലത്തെയും കാണിക്കുന്നതോടൊപ്പംതന്നെ തന്നിലേക്കു കടന്നുകയറിക്കൊണ്ടിരിക്കുന്ന ഈ വലിയ മാറ്റത്തെ പ്രതിഷേധിക്കുന്ന അരവിന്ദനെയും ഒക്കുവെയെയും ശാലിനിയെയും ഭാവാനന്ദിനെയും ഗോപിനാഥൻ നായരെയും അത്തരത്തിലുള്ള ഒരു കൂട്ടത്തെയും അവതരിപ്പിക്കുന്ന എന്നതാണ് 'ദൽഹി' യെ ആധുനികതയുടെ അസ്തിത്വവ്യഥയ്ക്കപ്പുറം ഉയർത്തിനിർത്തുന്ന ഘടകം.

ചിത്രകലയിൽ വ്യാപക മാറ്റങ്ങളുളവാക്കിയ ക്യൂബിസത്തിന്റെ പരീക്ഷണഇടം കൂടിയാണ് ആ നോവൽ. എങ്കിലും വസ്തുക്കളെ ചേർത്തും അഴിച്ചും പുതുരൂപങ്ങൾ പണിയുന്ന ആ സങ്കേതം ഒരു പുതുലോകസൃഷ്ടിക്കായുള്ള അഴിച്ചുപണിയലായാണ് നോവൽ ഉപയോഗപ്പെടുത്തുന്നത്.

അസ്തിത്വവ്യഥയ്ക്കും നൈരാശ്യബോധത്തിനുമിടയിൽ എഴുത്തുകാർ സമൂഹത്തെ ഉൾക്കൊള്ളാൻ ശ്രമിച്ചിരുന്നു എന്നതിന്റെ കൃത്യമായ ഉദാഹരണമായി മാറുന്നുണ്ട് എം. മുകുന്ദന്റെ 'ദൽഹി'. ജീവിതത്തിലെ ഭൗതിക യാഥാർത്ഥ്യങ്ങളെ നിരാകരിച്ചുകൊണ്ട് ഉത്തരവാദിത്ത ബോധമില്ലാത്ത ധൈഷണിക സ്വപ്നങ്ങളിൽ മുഴുകിയവർ എന്ന ആക്ഷേപം ആധുനികതയുടെ പല എഴുത്തുകളുടെയും സൂക്ഷ്മപാരായണം വഴി

ഇല്ലാതാവും. ദേശീയാധുനികതയുടെ വികസനക്രമവും രാഷ്ട്രസങ്കല്പവും വെല്ലുവിളിക്കപ്പെട്ടുകയും ഗാന്ധിയൻ ആദർശാത്മകതയും ജീവിതസങ്കല്പവും നഷ്ടമായിത്തുടങ്ങുകയും ചെയ്ത കാലത്താണ് ദൽഹി, 'ഉഷ്ണമേഖല, ആൾക്കൂട്ടം'എന്നീ നോവലുകളുടെയൊക്കെ രംഗപ്രവേശം. വ്യക്തിദുഃഖങ്ങൾ ക്കൊപ്പം സാമൂഹികപ്രശ്നങ്ങളുടെ വിശകലനവും പരിഹാരമാർഗ്ഗങ്ങളും ആ എഴുത്തുകാർ തങ്ങളുടെ രചനകളിലൂടെ നിർവ്വഹിച്ചിരുന്നു.

### ആധാരഗ്രന്ഥങ്ങൾ

1. ദൽഹി- എം. മുകുന്ദൻ- ഡി.സി. ബുക്സ്, 2015

2. ദൽഹിഗാഥകൾ- എം. മുകുന്ദൻ- ഡി.സി. ബുക്സ്-2011

3. സമകാലിക ഇന്ത്യ- ഒരു സമൂഹശാസ്ത്രവീക്ഷണം- സതീശ് ദേശ്പാണ്ഡെ- വിവ. ജെ. ദേവിക- 2017.

4. പി.കെ. രാജശേഖരൻ - ഏകാന്ത നഗരങ്ങൾ, ഡി.സി.ബുക്സ്, 2015.